യെന്ന് പറഞ്ഞതിനുശേഷവും അതിനെ ലംഘിച്ചുകൊണ്ട് കെട്ടിടം കെട്ടിയത് ചൂണ്ടിക്കാണിച്ചാൽ അതിനെതിരായി എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: ചിലപ്പോഴൊക്കെ ഇത്തരം നിയമങ്ങളെ ലംഘിച്ചുകൊണ്ട് ഉള്ള പ്രവർത്തനങ്ങളെ ഉണ്ടാകാറുണ്ട്. അങ്ങനെ നിയമം ലംഘിച്ചുവരുന്ന കാര്യങ്ങളിൽ ഗവൺമെന്റ് പരിശോധന നടത്തുകയും എങ്ങനെയാണ് ശിക്ഷണ നടപടികൾ എന്നുള്ളത് ആലോചിക്കുകയും ചെയ്യുന്നത് സാധാരണ പതിവാണ്.

സംയോജിത ഗ്രാമവികസന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

* 139 [183] ശ്രീ. ടി. കെ. ആറുമുഖൻ:
,, എം. വി. രാഘവൻ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, കെ. മൂസ്സക്കുട്ടി:
,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംയോജിത ഗ്രാമവികസന പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾ വല്ലതും കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ;

(സി) ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിൽ പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

സാമൂഹ്യവികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഉണ്ട്.

(ബി) ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങളുടെ വരുമാനം സ്വയം തൊഴിൽ കണ്ടെത്തൽ സംരംഭങ്ങളിലൂടെ വർദ്ധിപ്പിക്കുന്നതിന് ആറാം പദ്ധതിക്കാലത്ത് പ്രതിവർഷം ഓരോ ബ്ലോക്കിലും 600 കുടുംബങ്ങൾക്കുവീതം അവസരം നൽകുകയായിരുന്നു ഉദ്ദേശം. സബ്സിഡി ഇനത്തിൽ ബ്ലോക്ക് ഒന്നിന് പ്രതിവർഷം 8 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഓരോ കുടുംബത്തിനും മൊത്തം നൽകുന്ന സഹായത്തിന്റെ മൂന്നിലൊരുഭാഗം (പരമാവധി 3000 രൂപ വരെ) സബ്സിഡിയായും ബാക്കി തുക ധനസഹായസ്ഥാപനങ്ങളിൽനിന്നും വായ്പയായും നൽകുന്നു. പട്ടികവർഗ്ഗക്കാർക്ക് സബ്സിഡി തുക അൻപതു ശതമാനമായിരിക്കും. (പരമാവധി 5000 രൂപ) ചെറുകിട കർഷകർക്ക് സബ്സിഡി നിരക്ക് 25 ശതമാനമാണ്. മറ്റുള്ളവർക്ക് പരമാവധി സബ്സിഡി നിരക്ക് രണ്ടാമതു മാത്രസഹായം ഉൾപ്പെടെ 3000 രൂപ ആയിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കുടുംബസർവേ നടത്തിയശേഷമാണ്. ഇപ്രകാരം നടത്തപ്പെട്ട സർവേയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ലിസ്റ്റിൽനിന്ന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകി കുടുംബങ്ങളെ തെരഞ്ഞെടുക്കണം.

ഏഴാം പദ്ധതിക്കാലത്ത് ഐ. ആർ. ഡി. പി. അനസരിച്ച് ഓരോ ബ്ലോക്കിനും ലക്ഷ്യം നിശ്ചയിച്ചിരിക്കുന്നത് ദാരിദ്ര്യം എത്രത്തോളമുണ്ട് എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കണം. എല്ലാബ്ലോക്കുകൾക്കുമായി ഒരു ഏകീകൃതലക്ഷ്യം നിശ്ചയിച്ചിട്ടില്ല. എങ്കിലും ഇക്കാര്യത്തിൽ മതിയായ ബ്ലോക്കുതല സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ലാത്തതിനാൽ ആദ്യത്തെ രണ്ടു വർഷത്തേയ്ക്ക് ഏകീകൃതലക്ഷ്യമാണ് നിശ്ചയിച്ചിട്ടുള്ളത്. ആറാം പദ്ധതിക്കാലത്ത് സഹായം ലഭിച്ച് തങ്ങളുടേതല്ലാത്ത കാരണങ്ങൾ മൂലം ദാരിദ്ര്യരേഖ കടക്കാൻ കഴിഞ്ഞിട്ടില്ലാത്ത കുടുംബങ്ങൾക്ക് ഏഴാം പദ്ധതിയിൽ രണ്ടാമതൊരു മാത്ര സഹായംകൂടി നൽകുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 1985-86 ലേക്ക് ഐ. ആർ. ഡി. പി. അനുസരിച്ച് കേരളത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം താഴെ പറയുംപ്രകാരമാണ്.

1.	പുതുതായി സഹായിക്കേണ്ട കുടുംബങ്ങൾ	33,017
2.	നേരത്തെ സഹായം ലഭിച്ചവയിൽ രണ്ടാമതു മാത്ര സഹായം നൽകേണ്ട കുടുംബങ്ങൾ	99,052
	ആകെ	132,069

സംസ്ഥാനത്തുള്ള മൊത്തവിഹിതം 1342.32 ലക്ഷം രൂപയായിരിക്കും. ഇതിന്റെ 50 ശതമാനം ഇൻഡ്യാഗവൺമെന്റിന്റെ വിഹിതമായിരിക്കും. 1985-86-ൽ ഐ. ആർ. ഡി. പി. നടപ്പാക്കുന്നതിന് ഓരോ ബ്ലോക്കിലും പുതുതായി സഹായിക്കേണ്ട കുടുംബങ്ങൾ 225-ഉം രണ്ടാമതു മാത്ര സഹായം നൽകേണ്ട കുടുംബങ്ങൾ 99-ഉം സബ്സിഡി വിഹിതം 88.82 ലക്ഷം രൂപയുമായിരിക്കും. ഇതിൽ ഓരോ ലക്ഷം രൂപ ട്രൈസത്തിനും ഭരണച്ചെലവുകൾക്കുമായി നീക്കിവയ്ക്കുന്നതാണ്. ഓരോ കുടുംബത്തിനും ഏകദേശം 6000 രൂപയുടെ സഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സംസ്ഥാനത്തു മൊത്തത്തിലുള്ള ഗുണഭോക്താക്കളിൽ 30 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ആയിരിക്കണം. പുതുതായി സഹായം നൽകുന്നവരുടെ കാര്യത്തിലും രണ്ടാമതു മാത്ര സഹായം നൽകുന്നവരുടെ കാര്യത്തിലും ഇക്കാര്യം ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ ജില്ലാതല ലക്ഷ്യം അതാതു സ്ഥലത്തെ പട്ടികജാതി പട്ടികവർഗ്ഗ കുടുംബളുടെ എണ്ണമനുസരിച്ച് വ്യത്യാസപ്പെടുത്താം. ഏഴാം പദ്ധതി നേട്ടത്തിൽ ചുരുങ്ങിയത് 30 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾക്കൊണ്ടിരിക്കണമെന്നത് നേട്ടങ്ങളുടെ ഭൗതികവും സാമ്പത്തികവുമായ ഘടകങ്ങൾക്ക് ഒരുപോലെ ബാധകമാണ്. ഐ. ആർ. ഡി. പി. വായ്പകളിൽ ഈടാക്കേണ്ട പരമാവധി പലിശ 10 ശതമാനം ആയി നിജപ്പെടുത്തേണ്ടതാണ്.

ട്രൈസം പരിപാടിയനുസരിച്ച് 40 പ്രതിശീലനാർത്ഥികൾ എന്ന ലക്ഷ്യം എല്ലാ ബ്ലോക്കുകളും കൈവരിക്കേണ്ടതാണ്. ബ്ലോക്കുകളുടേയും

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകളുടേയും പ്രതിനിധികളും വാലേഷൻ ആഫീസർമാരും ഗുണ ഭോക്താവും അടങ്ങുന്ന പർച്ചേസിംഗ് കമ്മിറ്റികൾ മുഖേനയാണ് ജീവ നോപാധികം വാങ്ങേണ്ടത്. ഉപാധികം ഇനമായിത്തന്നെ വിതരണം ചെയ്യണം; പണമായി നൽകരുത്. സഹായം നൽകുന്ന സമയത്തുതന്നെ ഓരോ കുടുംബത്തിനും വായ്പ പാസ്ബുക്കിനോടൊപ്പം വികാസപത്രി കയും നൽകേണ്ടതാണ്.

(സി) പാലിക്കപ്പെടുന്നുണ്ട്.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. അറുമുഖൻ: സർ, ആറാം പദ്ധതിക്കാലത്ത് ദരിദ്രരേ ഖയ്ക്ക് താഴെനിന്ന് എത്രപേരെ മുകളിലേയ്ക്ക് കൊണ്ടുവന്നു എന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. പി.കെ. വേലായുധൻ: ആറാം പദ്ധതിക്കാലത്ത് 1980 മുതൽ 1985 മാർച്ച് 31 വരെ ആകെ 5,08,985 കുടുംബങ്ങൾക്കാണ് സഹായം നൽകിയിട്ടുള്ളത്. ഈ 5,08,985 കുടുംബങ്ങളിൽ എത്രപേരെ ദാരിദ്ര്യ രേഖയ്ക്ക് മേലെ കൊണ്ടുവന്നിട്ടുണ്ടെന്നുള്ളതിനെക്കുറിച്ച് പഠനം നടത്തു ന്നതിന് ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ പൂർത്തീ കരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. അറുമുഖൻ: മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് ബഹു മാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച ബ്ലോക്കുകളെക്കുറിച്ച് വല്ല പരാതിയും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: പരാതി ലഭിച്ചതിന്റെ അടിസ്ഥാന ത്തിൽ അന്വേഷണം നടത്തുകയും 1980-81 കാലഘട്ടത്തിൽ കര[illegible]ള്ളി ബ്ലോക്കിലും ഓച്ചിറ ബ്ലോക്കിലും പൊതുഗൈഡ് ലൈൻസിന് [illegible]ദ്ധ മായി ചിലതു സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് ബി. ഡി. ഒ. മാരെയും, വില്ലേജ് എക്സറ്റൻഷൻ ഓഫീസറെയും മാതൃകാപരമായി ശിക്ഷണനടപടികൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം ഇപ്പോൾ സസ്പെൻഷനിലാണ്. ഈ രണ്ടു ബ്ലോക്കുകളിലും നടന്ന കൃത്രിമങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻ സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരുനാഗപ്പള്ളിയിലെ കേസ് വിജി ലൻസിന്റെ അന്വേഷണം പൂർത്തിയായി. അവിടെ ഏതാണ്ട് ഇരുപത്തി നാലോളം ക്രൈം കേസുകൾ—ആറ്റംമാറാട്ടം, വഞ്ചന തുടങ്ങിയവയ്ക്കായി 1981 ജൂലൈയിൽ നടന്ന അന്വേഷണത്തിന്റെ ഫലമായി എടുത്തിട്ടുണ്ട്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പുതിയ ശുദ്ധജലവിതരണ പദ്ധതികൾ

* 140 (184) ശ്രീ. സി. കെ. ചക്രപാണി:

ശ്രീമതി കെ. ആർ. ഗൗരി:

ശ്രീ. വർക്കല രാധാകൃഷ്ണൻ:

,, പി. കേശവൻ:

ശ്രീമതി പി. ദേവൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly